ക്രിസ്തുവിനെ അനുഭവമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക (2)

ദൂത് മൂന്ന്

## ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവും

JL *Hymns*: ML640, ML375

തിരുവെഴുത്ത് വായന: 1 കൊരി. 1:2, 23-24, 30;
റോമ. 6:6, 19, 22; എഫെ. 1:9, 11; 3:11

1 കൊരി. 1:2 കൊരിന്തിലുള്ള ദൈവസഭയ്ക്ക്, ക്രിസ്തു യേശുവിൽ, വിശുദ്ധീകരിക്കപ്പെട്ടവരും, എല്ലായിടത്തും അവരുടെയും നമ്മുടെയുമായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരോടുംകൂടെ വിളിക്കപ്പെട്ട വിശുദ്ധന്മാർക്ക്:

1 കൊരി. 1:23 ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു, അത് യെഹൂദന്മാർക്ക് ഇടർച്ചയും, ജാതികൾക്ക് മൂഢത്തവും ആകുന്നു,

1 കൊരി. 1:24 എന്നാൽ വിളിക്കപ്പെട്ട, യെഹൂദന്മാർക്കും യവനന്മാർക്കും, ക്രിസ്തു ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവും ആകുന്നു.

1 കൊരി. 1:30 എന്നാൽ അവനാൽ നിങ്ങൾ ക്രിസ്തു യേശുവിൽ ആകുന്നു, അവൻ ദൈവത്തിൽനിന്ന് നമുക്ക് ജ്ഞാനമായിത്തീർന്നു: നീതിയും വിശുദ്ധീകരണവും വീണ്ടെടുപ്പും തന്നെ,

റോമ. 6:6 നാം ഇനി അടിമകളായി പാപത്തെ സേവിക്കാതിരിക്കുവാൻ, നമ്മുടെ പാപശരീരം അസാധുവാക്കപ്പെടേണ്ടതിന് നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്നത് അറിഞ്ഞുകൊണ്ട് തന്നെ;

റോമ. 6:19 നിങ്ങളുടെ ജഡത്തിന്റെ ബലഹീനത നിമിത്തം ഞാൻ മാനുഷികരീതിയിൽ സംസാരിക്കുന്നു. നിങ്ങൾ നിങ്ങളുടെ അവയവങ്ങളെ അടിമകളായി അധർമത്തിങ്കലേക്കുള്ള അശുദ്ധിക്കും അധർമത്തിനും സമർപ്പിച്ചതുപോലെ, ഇപ്പോൾ നിങ്ങളുടെ അവയവങ്ങളെ അടിമകളായി, വിശുദ്ധീകരണത്തിങ്കലേക്കുള്ള നീതിക്ക് സമർപ്പിക്കുവിൻ.

റോമ. 6:22 എന്നാൽ ഇപ്പോൾ, പാപത്തിൽനിന്ന് സ്വതന്ത്രരാക്കപ്പെടുകയും ദൈവത്തിന് അടിമപ്പെടുകയും ചെയ്തിട്ട്, നിങ്ങൾക്ക് വിശുദ്ധീകരണത്തിങ്കലേക്ക് നിങ്ങളുടെ ഫലം ഉണ്ട്, അവസാനം നിത്യജീവനും ആകുന്നു.

എഫെ. 1:9 അവൻ തന്നിൽത്തന്നെ നിർണയിച്ച തന്റെ സുപ്രസാദ പ്രകാരം തന്റെ ഹിതത്തിന്റെ മർമം നമ്മോട് അറിയിച്ചു,

എഫെ. 1:11 തന്റെ ഹിതത്തിന്റെ ആലോചനപ്രകാരം സകലതും പ്രവർത്തിക്കുന്നവന്റെ ഉദ്ദേശ്യത്തിനൊത്തവണ്ണം മുൻനിയമിക്കപ്പെട്ടിട്ട്, അവനിൽ നാം അവകാശമായി നിയുക്തരാക്കപ്പെട്ടു,

എഫെ. 3:11 നമ്മുടെ കർത്താവായ ക്രിസ്തു യേശുവിൽ അവൻ ഉണ്ടാക്കിയ നിത്യോദ്ദേശ്യപ്രകാരം, സഭയിലൂടെ ദൈവത്തിന്റെ ബഹുവിധ ജ്ഞാനം അറിവാക്കേണ്ടതിനാകുന്നു,

**I. 1 കൊരിന്ത്യർ 1:24-ൽ ക്രിസ്തുവിനെ ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവുമായി പരാമർശിക്കുന്നതിനുമുമ്പ് പൗലൊസ്, വാക്യം 23-ൽ പ്രഖ്യാപിക്കുന്നു: "ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു, അത് യെഹൂദന്മാർക്ക് ഇടർച്ചയും ജാതികൾക്ക് മൂഢത്തവും ആകുന്നു":**

1 കൊരി. 1:24 എന്നാൽ വിളിക്കപ്പെട്ട, യെഹൂദന്മാർക്കും യവനന്മാർക്കും, ക്രിസ്തു ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവും ആകുന്നു.

A. ദൈവത്തിന്റെ വ്യവസ്ഥ നിർവഹിക്കുന്നതിനു വേണ്ടിയുള്ള ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവുമായ ക്രിസ്തു ക്രൂശിക്കപ്പെട്ട ക്രിസ്തുവാണെന്ന്, തന്നെത്തന്നെ രക്ഷിക്കുവാൻ യാതൊന്നും ചെയ്യാത്ത ക്രിസ്തുവാണെന്ന്, ഇത് സൂചിപ്പിക്കുന്നു—വാ. 24.

1 കൊരി. 1:24 എന്നാൽ വിളിക്കപ്പെട്ട, യെഹൂദന്മാർക്കും യവനന്മാർക്കും, ക്രിസ്തു ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവും ആകുന്നു.

B. ഒരു വ്യക്തി ക്രൂശിക്കപ്പെടുന്നുവെങ്കിൽ, മനുഷ്യന്റെ ദൃഷ്ടിയിൽ അവൻ അശക്തനായി കണക്കാക്കപ്പെടുന്നു, കാരണം ശക്തനായ ഒരു വ്യക്തി അവനെത്തന്നെ ക്രൂശിക്കുവാൻ അനുവദിക്കുകയില്ല; എന്നിരുന്നാലും ദൈവത്തിന്റെ ശക്തിയായ ക്രിസ്തു ക്രൂശിക്കപ്പെട്ടു.

C. കൂടാതെ, മാനുഷിക വീക്ഷണകോണിൽനിന്നു നോക്കിയാൽ, ജ്ഞാനിയായ ഒരു വ്യക്തി ക്രൂശുമരണം ഒഴിവാക്കുവാനുള്ള വഴികൾ കണ്ടെത്തും, എന്നാൽ ദൈവത്തിന്റെ ജ്ഞാനമായ ക്രിസ്തു ക്രൂശിക്കപ്പെട്ടു—ഗലാ. 2:20.

ഗലാ. 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു.

D. ക്രൂശിക്കപ്പെട്ട ക്രിസ്തു ദൈവത്തിന്റെ ശക്തിയാണ്—1 കൊരി. 1:24:

1 കൊരി. 1:24 എന്നാൽ വിളിക്കപ്പെട്ട, യെഹൂദന്മാർക്കും യവനന്മാർക്കും, ക്രിസ്തു ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവും ആകുന്നു.

1. ക്രിസ്തുവിന്റെ ക്രൂശിൽ നാം ദൈവത്തിന്റെ ശക്തിയെ കാണുന്നു.
2. സാത്താൻ, ലോകം, പാപം, വീണുപോയ മനുഷ്യൻ, ജഡം, സ്വാഭാവിക ജീവൻ, പഴയ സൃഷ്ടി, ചട്ടങ്ങൾ എന്നിവയെ പരാജയപ്പെടുത്തുവാൻ ദൈവത്തിന്റെ ശക്തി ആവശ്യമാണ്.
3. ക്രിസ്തുവിന്റെ മരണം—അവന്റെ ക്രൂശുമരണം—ദൈവത്തിന്റെ ശക്തിയായിത്തീർന്നു—വാ. 24.

1 കൊരി. 1:24 എന്നാൽ വിളിക്കപ്പെട്ട, യെഹൂദന്മാർക്കും യവനന്മാർക്കും, ക്രിസ്തു ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവും ആകുന്നു.

E. ക്രൂശിക്കപ്പെട്ട ക്രിസ്തു ദൈവത്തിന്റെ ജ്ഞാനമാണ്—2:7:

1 കൊരി. 2:7 നമ്മുടെ തേജസ്സിനായി ദൈവം യുഗങ്ങൾക്കു മുമ്പേ മുൻനിർണയിച്ചതും, മറയ്ക്കപ്പെട്ടിരുന്നതുമായ, ദൈവത്തിന്റെ ജ്ഞാനമത്രേ മർമമായി ഞങ്ങൾ സംസാരിക്കുന്നത്.

1. എന്തെങ്കിലും നിവർത്തിക്കുന്നതിന് ശക്തിയായും ജ്ഞാനമായും നമുക്ക് ക്രിസ്തുവിനെ ആവശ്യമാണ്—1:24.

   1 കൊരി. 1:24 എന്നാൽ വിളിക്കപ്പെട്ട, യെഹൂദന്മാർക്കും യവനന്മാർക്കും, ക്രിസ്തു ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവും ആകുന്നു.

2. ആസൂത്രണം ചെയ്യുന്നതിനും ഉദ്ദേശിക്കുന്നതിനും വേണ്ടിയാണ് ജ്ഞാനം, അതേസമയം ആസൂത്രണം ചെയ്തതും ഉദ്ദേശിച്ചതുമായ കാര്യങ്ങൾ നടപ്പാക്കുന്നതിനും നിവർത്തിക്കുന്നതിനുമാണ് ശക്തി.
3. ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ നാം അനുഭവമാക്കുമ്പോൾ, അവൻ നമുക്ക് ദൈവത്തിന്റെ ശക്തി മാത്രമല്ല, ദൈവത്തിന്റെ ജ്ഞാനവും ആയിത്തീരുന്നു—റോമ. 6:6; ഗലാ. 2:20.

   റോമ. 6:6 നാം ഇനി അടിമകളായി പാപത്തെ സേവിക്കാതിരിക്കുവാൻ, നമ്മുടെ പാപശരീരം അസാധുവാക്കപ്പെടേണ്ടതിന് നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്നത് അറിഞ്ഞുകൊണ്ട് തന്നെ;

   ഗലാ. 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു.

4. ദൈവത്തിന്റെ ജ്ഞാനമായ ക്രൂശിക്കപ്പെട്ട ക്രിസ്തു ദൈവത്തിന്റെ സുപ്രസാദത്തിനൊത്തവണ്ണവും തന്റെ ഹിതം നിറവേറ്റുവാനുള്ള ദൈവത്തിന്റെ മാർഗത്തിനൊത്തവണ്ണവുമുള്ള ആഴമേറിയതും ഗഹനവുമായ പദ്ധതിയുമായി ബന്ധപ്പെട്ടിരിക്കുന്നു—എഫെ. 1:9, 11; 3:11:

   എഫെ. 1:9 അവൻ തന്നിൽത്തന്നെ നിർണയിച്ച തന്റെ സുപ്രസാദ പ്രകാരം തന്റെ ഹിതത്തിന്റെ മർമ്മം നമ്മോട് അറിയിച്ചു,

   എഫെ. 1:11 തന്റെ ഹിതത്തിന്റെ ആലോചനപ്രകാരം സകലതും പ്രവർത്തിക്കുന്നവന്റെ ഉദ്ദേശ്യത്തിനൊത്തവണ്ണം മുൻനിയമിക്കപ്പെട്ടിട്ട്, അവനിൽ നാം അവകാശമായി നിയുക്തരാക്കപ്പെട്ടു,

   എഫെ. 3:11 നമ്മുടെ കർത്താവായ ക്രിസ്തു യേശുവിൽ അവൻ ഉണ്ടാക്കിയ നിത്യോദ്ദേശ്യപ്രകാരം, സഭയിലൂടെ ദൈവത്തിന്റെ ബഹുവിധ ജ്ഞാനം അറിവാക്കേണ്ടതിനാകുന്നു,

   a. ദൈവത്തിന്റെ ജ്ഞാനമായി ക്രൂശിക്കപ്പെട്ട ക്രിസ്തു നമുക്കുള്ളതുകൊണ്ട്, നമുക്ക് ദൈവത്തിന്റെ ഹിതം നടപ്പിലാക്കുവാൻ നാം ഒരു വഴി അന്വേഷിക്കേണ്ട ആവശ്യമില്ല.
   b. കേവലം ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ അനുഭവമാക്കുന്നതിലൂടെ, ദൈവത്തിന്റെ ഹിതം ചെയ്യാനുള്ള ഒരു വഴി സ്വതേ നമുക്കുണ്ട്.
   c. ദൈവത്തിന്റെ ഹിതം ചെയ്യുന്നതിലൂടെ നാം വളരെ ജ്ഞാനികളായിത്തീരുന്നു—കൊലൊ. 1:9; 4:12.

      കൊലൊ. 1:9 അതുകൊണ്ട് ഞങ്ങളും ഇത് കേട്ട നാൾ മുതൽ

നിങ്ങൾക്കുവേണ്ടി നിർത്താതെ പ്രാർഥിക്കുകയും അപേക്ഷിക്കുകയും ചെയ്തുകൊണ്ട്, നിങ്ങൾ ആത്മികമായ സകല ജ്ഞാനത്തിലും ഗ്രാഹ്യത്തിലും അവന്റെ ഹിതത്തിന്റെ പൂർണ പരിജ്ഞാനത്താൽ നിറയേണ്ടതിനും,

കൊലൊ. 4:12 നിങ്ങൾ പക്വതയുള്ളവരും ദൈവത്തിന്റെ സകല ഹിതത്തിലും പൂർണ ഉറപ്പുള്ളവരുമായി നിൽക്കേണ്ടതിന് തന്റെ പ്രാർഥനകളിൽ നിങ്ങൾക്കു വേണ്ടി എപ്പോഴും പോരാടുന്ന, ക്രിസ്തു യേശുവിന്റെ അടിമയും, നിങ്ങളിൽ ഒരുവനുമായ, എപ്പഫ്രാസ് നിങ്ങളെ വന്ദനം ചെയ്യുന്നു.

d. ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ നാം അനുഭവമാക്കുന്നിടത്തോളം, ക്രിസ്തു നമുക്ക് തന്റെ പദ്ധതി നിറവേറ്റുന്നതിനുള്ള ദൈവത്തിന്റെ ജ്ഞാനമായിത്തീരും; തന്റെ ഹിതം ചെയ്യുവാൻ നമുക്ക് ദൈവത്തിന്റെ ജ്ഞാനം ഉണ്ടായിരിക്കും—1:9.

കൊലൊ. 1:9 അതുകൊണ്ട് ഞങ്ങളും ഇത് കേട്ട നാൾ മുതൽ നിങ്ങൾക്കുവേണ്ടി നിർത്താതെ പ്രാർഥിക്കുകയും അപേക്ഷിക്കുകയും ചെയ്തുകൊണ്ട്, നിങ്ങൾ ആത്മികമായ സകല ജ്ഞാനത്തിലും ഗ്രാഹ്യത്തിലും അവന്റെ ഹിതത്തിന്റെ പൂർണ പരിജ്ഞാനത്താൽ നിറയേണ്ടതിനും,

F. ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ നാം അനുഭവമാക്കുമ്പോൾ, നാം അവസാനിപ്പിക്കപ്പെടുന്നു—ഗലാ. 2:20:

ഗലാ. 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു.

1. നാം ആയിരിക്കുന്നതെല്ലാം, നമുക്കുള്ളതെല്ലാം, നമുക്ക് ചെയ്യുവാൻ കഴിയുന്നതെല്ലാം—സകലവും പൂർണ്ണമായി അവസാനിപ്പിക്കപ്പെടുന്നു.
2. നാം കർത്താവായ യേശുവിന്റെ നാമം വിളിച്ചപേക്ഷിക്കുമ്പോൾ, നാം അവനെ അനുഭവമാക്കുകയും ആസ്വദിക്കുകയും ചെയ്യുമ്പോൾ, അവന്റെ ക്രൂശുമരണം നമ്മെ അവസാനിപ്പിക്കും.
3. ക്രൂശിക്കപ്പെട്ട ക്രിസ്തു ശക്തി മാത്രമല്ല, ജഡത്തിൽനിന്നും, സ്വാഭാവികജീവനിൽനിന്നും, പഴയ സൃഷ്ടിയിൽനിന്നും നാം വിടുവിക്കപ്പെടാനുള്ള വഴി കൂടിയാണ്.

## II. ദൈവത്താൽ വിളിക്കപ്പെട്ടവരെന്ന നിലയിൽ നാം ക്രിസ്തുവിന്റെ ശക്തിയും ജ്ഞാനവും അറിയുകയും അനുഭവമാക്കുകയും വേണം—1 കൊരി. 1:24:

1 കൊരി. 1:24 എന്നാൽ വിളിക്കപ്പെട്ട, യെഹൂദന്മാർക്കും യവനന്മാർക്കും, ക്രിസ്തു ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവും ആകുന്നു.

A. 1 കൊരിന്ത്യർ 1:2 "വിളിക്കപ്പെട്ട വിശുദ്ധന്മാരെ" പരാമർശിക്കുന്നു:

1. ക്രിസ്തുവിലുള്ള വിശ്വാസികൾ വിളിക്കപ്പെട്ട വിശുദ്ധന്മാർ ആണ്, വിശുദ്ധന്മാരാകുവാൻ വിളിക്കപ്പെട്ടവരല്ല; ഇത് സ്ഥാനീയമായ ഒരു

വിഷയമാണ്, സ്വഭാവപരമായ വിശുദ്ധീകരണം എന്ന ലക്ഷ്യത്തോടെയുള്ള സ്ഥാനീയമായ വിശുദ്ധീകരണമാണ്.

2. കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്നത് അവനിലേക്ക് വിശ്വസിക്കുന്നതിനെ വിവക്ഷിക്കുന്നു—റോമ. 10:14.

   റോമ. 10:14 അപ്പോൾ അവർ വിശ്വസിക്കാത്തവനിലേക്ക് എങ്ങനെ വിളിച്ചപേക്ഷിക്കും? അവർ കേട്ടിട്ടില്ലാത്തവനെ എങ്ങനെ വിശ്വസിക്കും? അവനെ ഒരുവൻ പ്രഖ്യാപിക്കാതെ അവർ എങ്ങനെ കേൾക്കും?

3. കർത്താവിലുള്ള എല്ലാ വിശ്വാസികളും വിളിക്കുന്നവരായിരിക്കണം—പ്രവൃ. 9:14, 21; 22:16.

   പ്രവൃ. 9:14 ഇവിടെയും നിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന എല്ലാവരെയും ബന്ധിക്കുവാൻ മുഖ്യപുരോഹിതന്മാരിൽ നിന്ന് അവന് അധികാരമുണ്ട്.

   പ്രവൃ. 9:21 അവനെ കേട്ടവർ എല്ലാം ആശ്ചര്യപ്പെട്ട്, യെരൂശലേമിൽ ഈ നാമം വിളിച്ചപേക്ഷിക്കുന്നവരെ സംഹരിച്ചവനും, മുഖ്യപുരോഹിതന്മാർക്കു മുമ്പാകെ അവരെ ബന്ധിച്ചു കൊണ്ടുപോകേണ്ടതിന്, ഇവിടെ വന്നവനും ഇവനല്ലയോ? എന്നു പറഞ്ഞു.

   പ്രവൃ. 22:16 ഇനി വൈകുന്നതെന്ത്? എഴുന്നേറ്റ് അവന്റെ നാമം വിളിച്ചപേക്ഷിച്ചുകൊണ്ട് സ്നാനപ്പെടുകയും നിന്റെ പാപങ്ങൾ കഴുകിക്കളയുകയും ചെയ്യുക.

4. നാം വിളിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു, കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുവാൻ ദൈവത്താൽ വിളിക്കപ്പെട്ടിരിക്കുന്നു.

5. ദൈവത്താൽ വിളിക്കപ്പെട്ടവർക്ക് ക്രിസ്തു ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവുമാണ്.

B. *വിളിക്കപ്പെട്ടവർ* (1 കൊരി. 1:24) എന്നത് നിത്യതയിൽ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരും (എഫെ. 1:4) കാലത്തിൽ ക്രിസ്തുവിൽ വിശ്വസിച്ചവരുമായ വിശ്വാസികളെ പരാമർശിക്കുന്നു (പ്രവൃ. 13:48).

   1 കൊരി. 1:24 എന്നാൽ വിളിക്കപ്പെട്ട, യെഹൂദന്മാർക്കും യവനന്മാർക്കും, ക്രിസ്തു ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവും ആകുന്നു.

   എഫെ. 1:4 സ്നേഹത്തിൽ നാം അവനു മുമ്പാകെ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്, തന്റെ ഹിതത്തിന്റെ സുപ്രസാദത്തിനൊത്തവണ്ണം,

   പ്രവൃ. 13:48 ഇത് കേട്ടിട്ട് ജാതികൾ സന്തോഷിച്ച്, കർത്താവിന്റെ വചനത്തെ മഹത്വപ്പെടുത്തി; നിത്യജീവന് നിയമിക്കപ്പെട്ടവരൊക്കെയും വിശ്വസിച്ചു.

C. ക്രിസ്തുവിൽ വിശ്വസിക്കുകയും അവന്റെ നാമത്തെ വിളിച്ചപേക്ഷിക്കുകയും ചെയ്യുന്നവർക്ക് അവൻ ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവുമാണ്.

D. ക്രൂശിക്കപ്പെട്ട ക്രിസ്തു നമ്മെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള ദൈവത്തിന്റെ ശക്തിയും അവന്റെ പദ്ധതി നിറവേറ്റുന്നതിനു വേണ്ടിയുള്ള ദൈവത്തിന്റെ ജ്ഞാനവും ആണ്:
   1. ശക്തി എന്നത് പ്രാപ്തിയാണ്, ജ്ഞാനം എന്നത് വഴിയാണ്.
   2. ക്രിസ്തു ആദ്യം നമ്മുടെ ശക്തിയാണ്, അതിനുശേഷം അവൻ നമ്മുടെ ജ്ഞാനമാണ്, അതായത് നമ്മുടെ വഴിയാണ്.
   3. ദൈവത്തിന്റെ വ്യവസ്ഥ നടപ്പിലാക്കുന്നതിനുള്ള ദൈവത്തിന്റെ ശക്തിയാണ് ക്രിസ്തു, അവൻ ദൈവത്തിന്റെ വ്യവസ്ഥ നടപ്പിലാക്കുന്നതിനുള്ള ദൈവത്തിന്റെ ജ്ഞാനം, അഥവാ ദൈവത്തിന്റെ വഴിയും ആണ്.

E. ദൈവത്തിന്റെ ശക്തിയായ ക്രിസ്തു നമ്മെ ഒരു ഊർജസ്വല ശക്തിയാൽ ബലപ്പെടുത്തുകയും, നാം ആയിരിക്കുന്നതിലും നാം ചെയ്യുന്നതിലും നമുക്ക് സഹായം നൽകുകയും നമ്മെ നിലനിർത്തുകയും ചെയ്യുന്നു:
   1. നമ്മുടെ എല്ലാ പരിതസ്ഥിതികളിലും അവസ്ഥകളിലും, നാം കഷ്ടംസഹിക്കുവാനും, ഭാരങ്ങൾ വഹിക്കുവാനും, ഉറച്ചുനിൽക്കുവാനും ദൈവത്തിന്റെ ശക്തിയെന്ന നിലയിൽ ക്രിസ്തു നമ്മെ പ്രാപ്തരാക്കുന്നു.
   2. അവൻ നമ്മെ അചഞ്ചലരായി നിലനിറുത്തുന്നു; ഇക്കാരണത്താൽ, പൗലൊസ് പ്രഖ്യാപിക്കുന്നു, "എന്നെ ശക്തനാക്കുന്നവനിൽ സകലവും ചെയ്യുവാൻ ഞാൻ പ്രാപ്തനാകുന്നു"—ഫിലി. 4:13.
   3. ദൈവത്തിന്റെ ശക്തിയെന്ന നിലയിൽ ക്രിസ്തു തന്റെ ദിവ്യ പകർച്ച മുഖാന്തരം നമുക്ക് അനുദിനം സഹായം നൽകുകയും നമ്മെ നിലനിർത്തുകയും ചെയ്യുന്നു.

F. ദൈവത്തിന്റെ ജ്ഞാനമായ ക്രിസ്തു, നമ്മുടെ അനുഭവത്തിൽ നമ്മുടെ ഇപ്പോഴുള്ളതും പ്രായോഗികവുമായ ജ്ഞാനമായിരിക്കുവാൻ ദൈവത്തിൽനിന്നും നമ്മിലേക്ക് ഇടവിടാതെ ഒഴുകുന്നു—1 കൊരി. 1:24.

   1 കൊരി. 1:24 എന്നാൽ വിളിക്കപ്പെട്ട, യെഹൂദന്മാർക്കും യവനന്മാർക്കും, ക്രിസ്തു ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവും ആകുന്നു.

**III. "അവനാൽ നിങ്ങൾ ക്രിസ്തു യേശുവിൽ ആകുന്നു, അവൻ ദൈവത്തിൽനിന്ന് നമുക്ക് ജ്ഞാനമായിത്തീർന്നു: നീതിയും വിശുദ്ധീകരണവും വീണ്ടെടുപ്പും തന്നെ"—വാ. 30:**

A. ഈ വാക്യത്തിൽ, ക്രിസ്തു നമ്മുടെ ജ്ഞാനമായിത്തീർന്നുവെന്ന് പൗലൊസ് പറയുന്നില്ല; പകരം, ക്രിസ്തു "ദൈവത്തിൽനിന്ന് നമുക്ക്" ജ്ഞാനമായിത്തീർന്നു എന്ന് അവൻ പറയുന്നു:
   1. *ദൈവത്തിൽനിന്ന് നമുക്ക്* എന്ന പദപ്രയോഗം ഇപ്പോഴുള്ളതും, പ്രായോഗികവും, അനുഭവപരവും, പ്രസരണത്തിന്റെ മാർഗത്തിൽ തുടമാനവുമായ ഒന്നിനെ സൂചിപ്പിക്കുന്നു.
   2. ക്രിസ്തു ദൈവത്തിൽനിന്ന് നമുക്ക് ജ്ഞാനമായിത്തീരുന്നു എന്നത് നമ്മുടെ ദൈനംദിന അനുഭവത്തിനുവേണ്ടി ദൈവത്തിൽനിന്ന് നമുക്ക് ജ്ഞാനമായ ക്രിസ്തുവിന്റെ പ്രസരണം ഉണ്ടെന്ന് സൂചിപ്പിക്കുന്നു.
   3. ദൈവത്തിൽനിന്ന് നമുക്ക് ജ്ഞാനമായ ക്രിസ്തുവിനെ നിരന്തരം ആവശ്യമാണ്.

B. ദൈവത്തിന്റെ രക്ഷയിലെ മൂന്ന് സുപ്രധാന കാര്യങ്ങളായി ക്രിസ്തു ദൈവത്തിൽനിന്ന് നമുക്ക് ജ്ഞാനമായിത്തീർന്നു:

1. അവൻ നമ്മുടെ നീതിയാണ് (നമ്മുടെ ഭൂതകാലത്തിനുവേണ്ടി), നാം ദിവ്യജീവൻ പ്രാപിക്കുവാൻ നമ്മുടെ ആത്മാവിൽ വീണ്ടുംജനിക്കേണ്ടതിന്, നാം ദൈവത്താൽ നീതീകരിക്കപ്പെട്ടിരിക്കുന്നു—റോമ. 5:18.

   റോമ. 5:18 അതുകൊണ്ട് ഏക അതിക്രമത്തിലൂടെ സകല മനുഷ്യർക്കും അത് ശിക്ഷാവിധിയിങ്കലേക്ക് ആയിരുന്നതുപോലെ, ഏക നീതിപ്രവൃത്തിയിലൂടെ സകല മനുഷ്യർക്കും അത് ജീവന്റെ നീതീകരണത്തിങ്കലേക്കും ആയിരുന്നു.

2. അവൻ നമ്മുടെ വിശുദ്ധീകരണമാണ് (നമ്മുടെ വർത്തമാനകാലത്തിനുവേണ്ടി), അതിനാൽ നാം നമ്മുടെ ദേഹിയിൽ വിശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു, അതായത്, നമ്മുടെ മനസ്സിലും വികാരത്തിലും ഇച്ഛയിലും അവന്റെ ദിവ്യജീവനാൽ രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു—6:19, 22.

   റോമ. 6:19 നിങ്ങളുടെ ജഡത്തിന്റെ ബലഹീനത നിമിത്തം ഞാൻ മാനുഷികരീതിയിൽ സംസാരിക്കുന്നു. നിങ്ങൾ നിങ്ങളുടെ അവയവങ്ങളെ അടിമകളായി അധർമത്തിങ്കലേക്കുള്ള അശുദ്ധിക്കും അധർമത്തിനും സമർപ്പിച്ചതുപോലെ, ഇപ്പോൾ നിങ്ങളുടെ അവയവങ്ങളെ അടിമകളായി, വിശുദ്ധീകരണത്തിങ്കലേക്കുള്ള നീതിക്ക് സമർപ്പിക്കുവിൻ.

   റോമ. 6:22 എന്നാൽ ഇപ്പോൾ, പാപത്തിൽനിന്ന് സ്വതന്ത്രരാക്കപ്പെടുകയും ദൈവത്തിന് അടിമപ്പെടുകയും ചെയ്തിട്ട്, നിങ്ങൾക്ക് വിശുദ്ധീകരണത്തിങ്കലേക്ക് നിങ്ങളുടെ ഫലം ഉണ്ട്, അവസാനം നിത്യജീവനും ആകുന്നു.

3. അവൻ നമ്മുടെ വീണ്ടെടുപ്പാണ് (നമ്മുടെ ഭാവികാലത്തിനു വേണ്ടി), അതായത്, നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പ് (8:23), അതിലൂടെ അവന്റെ തേജോമയമായ സാദൃശ്യം ഉണ്ടായിരിക്കുന്നതിന് അവന്റെ ദിവ്യജീവനാൽ നമ്മുടെ ശരീരത്തിൽ നാം കായാന്തരപ്പെടും (ഫിലി. 3:21).

   റോമ. 8:23 അതു മാത്രമല്ല, ആത്മാവിന്റെ ആദ്യഫലം ഉള്ളവരായ നാമും, നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ, പുത്രത്വത്തെ പ്രതീക്ഷയോടെ കാത്തിരുന്നുകൊണ്ട് നമ്മിൽത്തന്നെ ഞരങ്ങുന്നു.

   ഫിലി. 3:21 അവൻ സകലത്തെയും തനിക്കുതന്നെ കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരത്തിനൊത്തവണ്ണം, നമ്മുടെ താഴ്ച്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപപ്പെടുമാറ് കായാന്തരപ്പെടുത്തും.

4. ദൈവത്താലാണ് ഇങ്ങനെയുള്ള സമ്പൂർണവും തികവുള്ളതുമായ രക്ഷയിൽ നാം പങ്കുകൊള്ളുന്നത്, അത് നമ്മുടെ മുഴുവൻ ആളത്തത്തെയും—ആത്മാവിനെയും, ദേഹിയെയും, ശരീരത്തെയും—ജൈവികമായി ക്രിസ്തുവുമായി ഒന്നാക്കുകയും ക്രിസ്തുവിനെ നമുക്ക് സകലവുമാക്കുകയും ചെയ്യുന്നു.

5. നാം നമ്മിലല്ല, അവനിൽ പ്രശംസിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യേണ്ടതിന് ഇത് മൊത്തത്തിൽ ദൈവത്തിൽനിന്നാണ്, നമ്മിൽനിന്നല്ല—എഫെ. 3:20-21.

എഫെ. 3:20 എന്നാൽ നാം ചോദിക്കുകയോ ചിന്തിക്കുകയോ ചെയ്യുന്ന സകലത്തിനും ഉപരി അതിസമൃദ്ധമായി നമ്മിൽ വ്യാപരിക്കുന്ന ശക്തിക്കൊത്തവണ്ണം ചെയ്യുവാൻ, കഴിയുന്നവന്,

എഫെ. 3:21 സഭയിലും ക്രിസ്തു യേശുവിലും എല്ലാ തലമുറകളോളം എന്നെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ. ആമേൻ.